പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4268 — 25.06.2014 ലെ മറുപടിയ്ക്ക്

**ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സീസൺ ഏഴ്**

| ചോദ്യം<br>ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. വർക്കല കഹാർ<br>ശ്രീ.എ.റ്റി.ജോർജ്ജ് | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സീസൺ ഏഴിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ഉണ്ട്. സംസ്ഥാനത്ത് 91351 വ്യാപാര സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തു. രജിസ്ട്രേഷൻ ഫീസ് പൂർണ്ണമായും ഒഴിവാക്കിയിരുന്നു. 1,81,05,000 കൂപ്പൺ വ്യാപാരസ്ഥാപനങ്ങളിലൂടെ ചെലവഴിക്കപ്പെട്ടു. ഇതര സീസണുകളിൽ 15 രൂപയായിരുന്ന കൂപ്പൺ വില 10 രൂപയാക്കി കുറച്ചു. 333 ലക്ഷം രൂപയുടെ സ്പോൺസർഷിപ്പ് ലഭിച്ചു. 19.66 കിലോ സ്വർണ്ണവും 2 കോടി 65 ലക്ഷം രൂപയും സമ്മാനമായി ഇതു വരെ വിതരണം ചെയ്തു. ആകെ 24.23 കോടി രൂപ വരവും 25.81 കോടി രൂപ ചെലവുമാണ് ഉണ്ടായത്. ഇതിൽ ഗവൺമെന്റ് ഗ്രാന്റായി ബജറ്റിൽ പ്രഖ്യാപിച്ച 15 കോടി രൂപയിൽ 10 കോടി രൂപ നൽകി. ബാക്കി തുക കൂപ്പൺ വിൽപ്പനയിലൂടെയും സ്പോൺസർഷിപ്പിലൂടെയും ലഭിച്ചതാണ്. |
| ബി) | ആരെല്ലാമാണ് ഇതിന്റെ പ്രവർത്തനങ്ങളുമായി സഹകരിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | കഴിഞ്ഞ സീസണുകളിൽ നിന്നും വ്യത്യസ്തമായി ഏജൻസികളെ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനിൽ നിന്നും കൂപ്പൺ വിതരണത്തിൽ നിന്നും പൂർണ്ണമായി ഒഴിവാക്കി. കൂപ്പൺ വിതരണവും അനുബന്ധ പ്രവർത്തനങ്ങളും കേരള വ്യാപാരി വ്യവസായി ഏകോപന സമിതിയാണ് നടത്തിയത്. താൽപര്യ പത്രത്തിന്റെ അടിസ്ഥാനത്തിലാണ് ടി സംഘടനയെ തെരഞ്ഞെടുത്തത്. കൂടാതെ 91351 വ്യാപാരസ്ഥാപനങ്ങളും സ്പോൺസർമാരായ ഫെഡറൽ ബാങ്ക്, മലബാർ സിമെന്റ്സ്, ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ്, കൺസ്യൂമർ അഫയേഴ്സ്, ലുലു ഗ്രൂപ്പ് എന്നിവരും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ, ഇതര വ്യാപാര സംഘടനകൾ എന്നിവരും സഹകരിച്ചു. |
| സി) | കഴിഞ്ഞ ഫെസ്റ്റിവൽ സീസൺ കാലത്തേക്കാൾ ഇതിന്റെ നടത്തിപ്പിന് സാമ്പത്തിക ബാദ്ധ്യത എത്രമാത്രം കുറഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ; | സി) | വിവിധ ഇനങ്ങളിലായി ചെലവഴിക്കപ്പെട്ട തുക ഈ സീസൺ, കഴിഞ്ഞ സീസൺ എന്നീ ക്രമത്തിൽ താഴെ കൊടുത്തിരിക്കുന്നു. ആകെ ഈ സീസണിൽ 25.81 കോടി രൂപ ചെലവഴിച്ചപ്പോൾ കഴിഞ്ഞ സീസണിൽ 45.47 കോടി രൂപ ചെലവഴിക്കപ്പെട്ടു. |

| | സീസൺ 7 (ലക്ഷത്തിൽ) | സീസൺ 6 (ലക്ഷത്തിൽ) |
|---|---|---|
| പി.ആർ. | 1110.25 | 1455.26 |

| | | |
|---|---|---|
| അഡ്മിൻ | 66.11 | 77.23 |
| മാർക്കറ്റിംഗ് | 244.11 | 400.82 |
| ലോജിസ്റ്റിക്സ് | 120.74 | 496.93 |
| ഇവന്റ്സ് | 103 | 483.46 |
| ഗോൾഡ് | 658.16 | 1632.99<br>(മറ്റു സമ്മാനങ്ങൾ ഉൾപ്പെടെ) |
| സമ്മാന തുക | 269 | ---- |
| ഐ.ടി.സൊല്യൂഷൻ | 9.89 | 53.16 |
| ആകെ | 2581.26 | 4546.99 |

| | | | |
|---|---|---|---|
| ഡി) | ഫെസ്റ്റിവലിന്റെ അടുത്ത സീസണുകളുടെ നടത്തിപ്പിൽ സാമ്പത്തിക ബാദ്ധ്യത ഇല്ലാതാക്കാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) | സീസൺ 8 ന്റെ (അടുത്ത സീസൺ) പ്രവർത്തന പദ്ധതി ആവിഷ്കരിച്ചു വരുന്നതേയുള്ളൂ. ടൂറിസം ബന്ധിത ഷോപ്പിംഗിന് ഊന്നൽ നൽകി സുതാര്യവും കാര്യക്ഷമവുമായി നടപ്പിലാക്കുന്നതിനാണ് ആലോചിക്കുന്നത്. സർക്കാർ ഗ്രാന്റ് പരമാവധി കുറച്ച് സ്പോൺസർഷിപ്പിലൂടെ കൂടുതൽ തുക കണ്ടെത്തി ചെലവ് ഫലപ്രദമായി നടപ്പിലാക്കുന്ന രീതിയിലുള്ള പദ്ധതി നിർവ്വഹണമാണ് ആസൂത്രണം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ